"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - നാളികേര വികസന കൗൺസിൽ പദ്ധതി 2024-25 - കോഴിക്കോട് ജില്ലയിലെ വിത്ത് തേങ്ങാ സംഭരണ പ്രവർത്തനങ്ങൾ - 2022-23 വിത്ത് തേങ്ങാ സംഭരണ കാലയളവിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച 17 സൂപ്പർവൈസറി ജീവനക്കാർക്ക് 2024-25 സീസണിലേക്കുള്ള തുടർച്ചാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1021/2024/AGRI തീയതി,തിരുവനന്തപുരം, 31-10-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറുടെ 17.11.2023 തീയതിയിലെ ADFW/11987/2023-TH2 നമ്പർ നടപടിക്രമം
2. സ.ഉ.(സാധാ) നം.500/2024/AGRI, തീയതി 11.06.2024
3. കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറുടെ 23.09.2024 തീയതിയിലെ ADFW/8148/2024-TH2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 2 പ്രകാരം ഭരണാനുമതി നൽകിയ 2024-25 വാർഷിക പദ്ധതിയായ നാളികേര വികസന കൗൺസിൽ പദ്ധതിയിൻ കീഴിൽ 2024-25 ലെ വിത്ത് തേങ്ങാ സംഭരണവുമായി ബന്ധപ്പെട്ട്, 'Honorarium for supervisory staff' എന്ന ഘടകത്തിൽ 2023-24-ൽ സംഭരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച 35 പേരുടെ സേവനം 2024-25 സംഭരണ കാലയളവിലും ആവശ്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രതിമാസം 25000/- രൂപ നിരക്കിൽ 35 സൂപ്പർവൈസറി ജീവനക്കാർക്ക് തുടർനിയമനം നല്കുന്നതിലേക്കായി 52.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

2. നാളികേര വികസന കൗൺസിൽ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ വിത്ത് തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സൂപ്പർവൈസറി സ്റ്റാഫ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാർ അടിസ്ഥാനത്തിൽ 2022-23 -ൽ നിയമിതരായ 17 ജീവനക്കാർക്ക് പരാമർശം 1 പ്രകാരം 2023-24 വർഷത്തേയ്ക്കു തുടർച്ചാനുമതി നൽകി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് 2024-25 വർഷത്തെ വിത്ത് തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്ക് പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം അത്യാവശ്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ടി 17 ജീവനക്കാർക്ക് ഒരു വർഷത്തേയ്ക്ക് കൂടി (2024-25) തുടർച്ചാനുമതി നൽകണമെന്ന് പരാമർശം 3 പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാളികേര വികസന കൗൺസിൽ

പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ വിത്ത് തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ 2022-23 വർഷം ജോലിയിൽ പ്രവേശിച്ച പരാമർശം 3 പ്രകാരം കൃഷി ഡയറക്ടർ ശിപാർശ ചെയ്ത 17 കരാർ ജീവനക്കാർക്ക് 2024-25 സംഭരണ കാലയളവിലേക്ക് കൂടി സൂപ്പർവൈസറി സ്റ്റാഫ് തസ്തികയിൽ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-PB1/290/2024-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 01-11-2024 13:27:33
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ PS